LIBRARY ARCHIVES Kerala Legislative Assembly

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

157(846) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വഴി നടപ്പാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇതനുസരിച്ച് വൈക്കം നിയോജക മണ്ഡലത്തിൽ ഈ പദ്ധതിക്കായി എത്ര കുളങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നുള്ള വിവരങ്ങളും വ്യക്തമാക്കുമോ;

(ബി) 'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി' എന്നത്തേക്ക് പൂർത്തീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്നും കുളങ്ങൾ തുടർന്നും ഉപയോഗയോഗ്യമാക്കി നിലനിർത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളിൽ പണി ആരംഭിച്ചതോ പൂർത്തിയാക്കിയതോ ആയ കുളങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി' പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതനുസരിച്ച് വൈക്കം നിയോജക മണ്ഡലത്തിൽ 4 കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുന്നതാണ്. പൂർത്തീകരിച്ച കുളങ്ങൾ ഉപയോഗയോഗ്യമാക്കി നിലനിർത്തുന്നതിന് പ്രസ്തുത കുളങ്ങൾ കർഷക സമിതികൾക്കോ പഞ്ചായത്തുകൾക്കോ ഏറ്റെടുത്ത് സംരക്ഷിക്കാവുന്നതാണ്. അല്ലാത്ത പക്ഷം ജലസേചന വകുപ്പിന്റെ നോൺപ്ലാൻ ഹെഡിൽ വകയിരുത്തി കാലാകാലങ്ങളിലെ പുനരുദ്ധാരണ പണികൾ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതാണ്.

(സി)	1.	അയ്യർക്കുളം-വൈക്കം മുനിസിപ്പാലിറ്റി ചെമ്മനത്തുകര അമ്പലക്കുളം-ടിവി പുരം പഞ്ചായത്ത്	പണി പൂർത്തീകരിച്ചു.
	2.	ഇടയാഴം അമ്പലക്കുളം - വെമ്പൂർ ഇരുമ്പുഴിക്കര കോളനി കുളം-ഉദയപുരം	എഗ്രിമെന്റ് വച്ച് പണി തുടങ്ങിയപ്പോൾ കോൺട്രാക്ടർ മരണപ്പെട്ടതുകാരണം റീ ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു.